## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 449 | 06.03.2012-ൽ മറുപടിയ്ക്ക്.

### ചിറക്കര ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിയുടെ നടപടികളുടെ അന്വേഷണം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ. | | ഡോ. എം. കെ. മുനീർ. (ബഹു.പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിയുടെ നടപടികൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടു ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും ഭരണ സമിതിയുടെയും നിവേദനം ലഭിച്ചിട്ടുണ്ടോ? | (എ) | ഉണ്ട്. |
| (ബി) എങ്കിൽ അതിൻമേൽ ഏതെല്ലാം ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തിയതെന്നും എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | (ബി) | ചിറക്കര ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തടസ്സം നിൽക്കുന്നു എന്ന് തുടങ്ങിയുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയിൻമേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനം മുൻ നിർത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ജി. രാജ്കുമാറിനെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും 14.02.2012-ലെ ഉത്തരവ് പ്രകാരം മൈലം ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെയുള്ള പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്താൻ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ